**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1592** | **01/11/2019 - ൽ മറുപടിയ്ക്ക്**

# ന്യായമായ വിലയിൽ പച്ചക്കറികൾ

| **ചോദ്യം**<br>**ശ്രീ.പുരുഷൻ കടലുണ്ടി** | **ഉത്തരം**<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| ഓണക്കാലത്ത് ന്യായമായ വിലയിൽ പച്ചക്കറികൾ പൊതുമാർക്കറ്റുകളിൽ നിന്ന് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | ഓണക്കാലത്ത് ന്യായമായ വിലയിൽ പച്ചക്കറികൾ പൊതുമാർക്കറ്റുകളിൽ നിന്ന് ലഭിക്കുന്നതിന് ശക്തമായ ഇടപെടലുകളാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനൊപ്പം കർഷകർക്കും ഉപഭോക്താക്കൾക്കും ന്യായവില ലഭിക്കുന്നതിനായി കൃഷി വകുപ്പ് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, കർഷകകൂട്ടായ്മകൾ എന്നിവരുമൊത്ത് സംസ്ഥാനത്തുടനീളം വിപണികൾ സംഘടിപ്പിക്കുകയുണ്ടായി. "ഓണസമൃദ്ധി 2019" എന്ന പേരിൽ കൃഷി വകുപ്പ് 1350 വിപണികളും ഹോർട്ടികോർപ്പ് 500 വിപണികളും, വി.എഫ്.പി.സി.കെ 150 വിപണികളും പ്രവർത്തിപ്പിക്കുകയുണ്ടായി. സംസ്ഥാനത്ത് ഉത്പാദിപ്പിക്കാത്ത പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിച്ച് സംസ്ഥാനത്തുടനീളമുള്ള വിപണികളിലൂടെ വിറ്റഴിക്കുകയുണ്ടായി. കേരളത്തിലെ കർഷകർ ഉത്പാദിപ്പിച്ച പച്ചക്കറികൾ വിപണിയിലെ സംഭരണ വിലയേക്കാൾ 10% അധികം നൽകി കർഷകരിൽ നിന്നും സംഭരിക്കുകയും, കമ്പോള വിലയേക്കാൾ 30% വില കുറച്ച് ഉപഭോക്താക്കൾക്ക് വിൽക്കുകയും ചെയ്തു. GAP ഉത്പന്നങ്ങൾ വിപണിയിലെ സംഭരണവിലയേക്കാൾ 20% അധികം നൽകി കർഷകരിൽ നിന്നും സംഭരിക്കുകയും, കമ്പോള വിലയേക്കാൾ 10% വില കുറച്ച് ഉപഭോക്താക്കൾക്ക് നൽകുകയും ചെയ്തു.<br>ഇപ്രകാരം ഓണക്കാലത്തെ പച്ചക്കറികളുടെ വിലക്കയറ്റം നിയന്ത്രിക്കുവാൻ കൃഷി വകുപ്പിന് ഫലപ്രദമായി സാധിച്ചിട്ടുണ്ട്. |

Sunilkumar

സെക്ഷൻ ഓഫീസർ